പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2492

18.02.2016-ൽ മറുപടിക്ക്.

## തൊഴിലാളികളുടെ വേതനം ബാങ്ക് വഴി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.റ്റി.ബൽറാം<br>,, ജോസഫ് വാഴയ്ക്കൻ | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) തൊഴിലാളികളുടെ വേതനം ബാങ്കിലൂടെ ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ വിവിധ തൊഴിൽ രംഗങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കുറഞ്ഞ കൂലി ഉറപ്പുവരുത്തുന്നതിനുള്ള ഉദ്ദേശത്തോടെ 2013-14 വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തി വേതന സുരക്ഷാ പദ്ധതി സർക്കാർ പ്രഖ്യാപിക്കുകയും ആയതിന് 29.03.2014-ലെ സ.ഉ. (സാധാ) നമ്പർ 447/2014/തൊഴിൽ പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണു മായി ഒരു കരാറിൽ ഏർപ്പെടുകയും ഇതിനായി ഒരു പ്രത്യേക സോഫ്റ്റ്‌വെയർ നിർമ്മിക്കുകയും 2015 ഫെബ്രുവരിയിൽ പ്രാരംഭഘട്ടം വിജയകര മായി പൂർത്തിയാക്കുകയും ചെയ്തു. ഇതിന് മായി നിയമത്തിന്റെ പരിരക്ഷ ഉറപ്പാക്കാൻ 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപന പ്രകാരം ആദ്യഘട്ടമെന്ന നിലയിൽ കടകൾ, വാണിജ്യ സ്ഥാപനങ്ങൾ, സ്റ്റാർ ഹോട്ടലുകൾ, സെക്യൂരിറ്റി സർവ്വീസുകൾ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഇത് വിജയകരമായി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമ പ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോ യെന്ന് ഓൺലൈൻ ആയിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. |
| (സി) | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 08.07.2015-ലെ സ.ഉ. (അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും വിവിധ നാഷണലൈസ്ഡ്, ഷെഡ്യൂൾഡ്, കൊമേഴ്സ്യൽ ബാങ്കുകളുമായും സ്വകാര്യ തൊഴിലുടമാ പ്രതിനിധികളുമായും ചർച്ച നടത്തുകയും 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 20 കോടിയോളം രൂപ വേതന സുരക്ഷാ പദ്ധതിയിലൂടെ ഇതിനകം കൈമാറിക്കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ